File No. DIC/2750/2023-EE1

**"ഭരണഭാഷ-മാതൃഭാഷ"**

**വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം**
**വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**
**(അവതരണം : എസ്. ഹരികിഷോർ ഐ.എ.എസ്.)**

ഡി.ഐ.സി./2750/2023-ഇഇ1 തീയതി : 25.08.2023

വിഷയം:- വ്യവസായം - ജീവനക്കാര്യം - കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ്/ഫോർമാൻ തസ്തികകളിലെ 31.12.2022 വരെയുള്ള സംസ്ഥാനതല അന്തിമ സംയോജിത മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:- ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 14.06.2023 തീയതിയിലെ പരിപത്രം.

കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ്/ഫോർമാൻ തസ്തികയിലെ 31.12.2022 വരെയുള്ള സംസ്ഥാനതല താൽക്കാലിക സംയോജിത മുൻഗണനാപട്ടിക പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കാലയളവിലുള്ള എല്ലാ ടെക്നിക്കൽ അസിസ്റ്റന്റ്/ഫോർമാൻമാരുടെയും വിവരങ്ങൾ താല്ക്കാലിക സംയോജിത മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി ആയത് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുവാനും, പ്രസ്തുത മുൻഗണനാപട്ടിക സംബന്ധിച്ച് ടി തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും ആക്ഷേപങ്ങൾ/പരാതികൾ ഉള്ള പക്ഷം ആയതു സമർപ്പിക്കുവാനും മേൽ പരിപത്ര പ്രകാരം അറിയിച്ചിരുന്നു.

I) താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് താഴെപ്പറയുന്ന ടെക്നിക്കൽ അസിസ്റ്റന്റ്/ഫോർമാൻമാർ പരാതി/ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള തീരുമാനവും ചുവടെ ചേർക്കുന്നു.

**1) ശ്രീ. ജയഫർ ടി. (ക്രമ നമ്പർ 1)**

താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കുമ്പോൾ തന്റെ യോഗ്യതകളിൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ) കൂടി ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജയഫർ ടി. അപേക്ഷ സമർപ്പിച്ചിരുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ശ്രീ. ജയഫർ ടി. യുടെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത യോഗ്യത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) ശ്രീമതി മഞ്ജുള ആർ.എസ്. (ക്രമ നമ്പർ 2)

താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കുമ്പോൾ തന്റെ യോഗ്യതകളിൽ ബി.എഡ്, എം.എഡ്, ഡി.സി.എ., അക്കൗണ്ട് ടെസ്റ്റ് (ലോവർ & ഹയർ) കൂടി ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി മഞ്ജുള ആർ. എസ് അപേക്ഷ സമർപ്പിച്ചിരുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ശ്രീമതി. മഞ്ജുള ആർ.എസ് ന്റെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത യോഗ്യതകൾ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

II) താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 5 ആയി ഉൾപ്പെട്ടിട്ടുള്ള ഫോർമാൻ (പ്ലാസ്റ്റിക്) ശ്രീ. അൻസാർ പി.എ. സമർപ്പിച്ച അപേക്ഷയിൽ ടിയാന്റെ ജനന തീയതി, സീനിയോരിറ്റി അസൈൻ ചെയ്ത തീയതി, മുൻഗണനാ സ്ഥാനം എന്നിവയിൽ ന്യൂനതയുള്ളതായി ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. ടിയാന്റെ ജനന തീയതി 03.05.1979 ആണെന്നും ആയത് 03.07.1979 എന്ന് തെറ്റായാണ് താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 10.02.2022 ലെ ഡി.ഐ.സി./457/2022-ഇഡി4, ഡി.ഐ.സി./459/2022-ഇഡി4, ഡി.ഐ.സി./460/2022-ഇഡി4, എന്നീ സർക്കുലറുകൾ പ്രകാരം ബൈട്രാൻസ്ഫർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നൽകുകയും ഫോർമാൻ (പ്ലാസ്റ്റിക്) ലേയ്ക്ക് ആദ്യ ഓപ്ഷൻ നൽകുകയും ചെയ്തിരുന്നു. ടി തസ്തികയിലേയ്ക്ക് പുറപ്പെടുവിച്ച സെലക്ട് ലിസ്റ്റിനെ ആധാരമാക്കി 30.08.2022 ൽ പുറപ്പെടുവിച്ച നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.09.2022 ൽ ടിയാൻ സി.എഫ്.എസ്.സി. ചങ്ങനാശ്ശേരിയിൽ ഫോർമാൻ (പ്ലാസ്റ്റിക്) ആയി ജോലിയിൽ പ്രവേശിച്ചു. ബൈട്രാൻസ്ഫർ ആയി ഫോർമാൻ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നത് KS&SSR ചട്ടങ്ങൾ 28 (b)(i), 28(b)(7)കുറിപ്പ്(vi), 28(b)(11)കുറിപ്പ്(i), 28(b)(ii)കുറിപ്പ്(i), വ്യവസ്ഥകൾ പ്രകാരമാണ്. 'വ്യത്യസ്ഥ ശമ്പള സ്കെയിലിലുള്ള ഒന്നിൽ കൂടുതൽ ഫീഡർ കാറ്റഗറി നിലവിലുള്ളപ്പോൾ ഓരോ ഫീഡർ കാറ്റഗറിയ്ക്കും ഒരു റേഷ്യോയോ ഏതെങ്കിലും മുൻഗണനയോ സ്പെഷ്യൽ റൂൾ നൽകാത്ത പക്ഷം ഉയർന്ന ശമ്പള സ്കെയിലിലുള്ള ആളിനെ നിയമിച്ചതിന് ശേഷം മാത്രമേ താഴ്ന്ന ശമ്പള സ്കെയിലിലുള്ള ആളിനെ നിയമിക്കുവാൻ പാടുള്ളൂ' എന്ന് 28(b)iiകുറിപ്പ്(i) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് പ്രകാരം സീനിയോരിറ്റി ലിസ്റ്റിലെ 3 ഉം, 4 ഉം സ്ഥാനക്കാരെക്കാൾ ഫീഡർ കാറ്റഗറിയിൽ സ്കെയിൽ ഓഫ് പേ ടിയാനായതിനാൽ ഇവരെക്കാൾ സീനിയോരിറ്റിക്ക് ടിയാനാണ് അർഹതയെന്നും എന്നാൽ മുൻഗണനാ ലിസ്റ്റിൽ ഫോർമാൻ തസ്തികയിലെ പ്രവേശന തീയതി ആധാരമാക്കി KS&SSR ചട്ടം 27 (a) പ്രകാരം തെറ്റായി സീനിയോരിറ്റി നിർണ്ണയിച്ചു എന്നു വാദിക്കുന്നു. KS&SSR ചട്ടം 27 (a) ഈ കേസിൽ ബാധകമല്ല എന്നും ആയതിനാൽ മുൻഗണനാ സ്ഥാനം പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഫോർമാൻ തസ്തികയിൽ ഒഴിവ് നിലവിൽ വന്ന 29.01.2022 ൽ തന്നെ ടിയാന് നിശ്ചിത യോഗ്യതയുണ്ടായിരുന്നതിനാൽ 29.01.2022 മുതൽ

സീനിയോരിറ്റി അസൈൻ ചെയ്ത് ലഭിക്കാൻ അർഹതയുണ്ടായിരുന്നു എന്നത് കൂടി പരിഗണിച്ച 29.01.2022 തീയതി വച്ച് തന്റെ സീനിയോരിറ്റി അസൈൻ ചെയ്ത് 2,3,4 എന്നീ പേരുകാരുടെ മുകളിലായി ക്രമ നമ്പർ 2 ആയി സ്ഥാനം പുനർ നിർണ്ണയിച്ച നൽകണം എന്നും അപേക്ഷിച്ചിരിക്കുന്നു.

ശ്രീ. അൻസാർ പി.എ. ഉന്നയിച്ചിട്ടുള്ള വാദങ്ങൾ ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വകുപ്പിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ (റബ്ബർ), ഫോർമാൻ (പ്ലാസ്റ്റിക്), ഫോർമാൻ (ടൂൾ റൂം) എന്നിവ വ്യത്യസ്ത യോഗ്യതാ മാനദണ്ഡം നിശ്ചയിച്ചിട്ടുള്ള വ്യത്യസ്ത തസ്തികകളാണ്. ഫോർമാൻ (പ്ലാസ്റ്റിക്) തസ്തികയിലേക്ക് തസ്തിക മാറ്റത്തിന് ഓപ്ഷൻ സമർപ്പിച്ചവരിൽ, കൂടിയ സ്കെയിൽ ഓഫ് പേയുടെ അടിസ്ഥാനത്തിൽ KS&SSR ചട്ടം 28 (ബി) യിലെ വ്യവസ്ഥകൾ പ്രകാരം മുൻഗണന നൽകിയാണ് ശ്രീ അൻസാർ പി.എ ക്കു ഫോർമാൻ (പ്ലാസ്റ്റിക്) ആയി നിയമനം നൽകിയിട്ടുള്ളത്. എന്നാൽ തസ്തിക മാറ്റം മുഖാന്തിരം ഫോർമാൻ (റബ്ബർ), ഫോർമാൻ (പ്ലാസ്റ്റിക്), ഫോർമാൻ (ടൂൾ റൂം) എന്നീ വ്യത്യസ്ഥ തസ്തികകളിൽ പ്രവേശിച്ചവരുടെ സംയോജിത സീനിയോറിറ്റി കണക്കാക്കുമ്പോൾ KS&SSR ചട്ടം 27 ആണ് ബാധകമാകുന്നത്. തസ്തിക മാറ്റം ലഭിച്ച തസ്തികയിൽ ജോലിക്ക് ചേർന്ന തീയതിയുടെ അടിസ്ഥാനത്തിലും, ജോലിക്ക് ചേർന്ന തീയതി സമാനമാണെങ്കിൽ പ്രായത്തിന്റെ അടിസ്ഥാനത്തിലുമാണ് വ്യത്യസ്ഥ തസ്തികകളിൽ തസ്തിക മാറ്റം ലഭിച്ചവരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ സ്ഥാനം നിർണ്ണയിക്കുന്നത്. സീനിയോരിറ്റി ലിസ്റ്റിലെ യഥാക്രമം 3 ഉം 4 ഉം സ്ഥാനക്കരായ ശ്രീ ബിജു പി. ബി, ശ്രീ വിനോദ് സി. എന്നിവർ 31.08.2022 നും ശ്രീ. അൻസാർ പി.എ. 01.09.2022 നുമാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. ആയതിനാൽ ശ്രീ അൻസാർ പി.എ. യുടെ സ്ഥാനം ഇവർക്ക് താഴെയായി തന്നെയാണ് നിശ്ചയിക്കേണ്ടത്.

സെലക്ട് ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ട ഒരു തസ്തികയിൽ ഒരാൾ പ്രമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യനായിരുന്നു എന്ന കാരണത്താൽ മാത്രം പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമന ഉത്തരവിന് മുൻപുള്ള ഒരു തീയതി പ്രാബല്യത്തിൽ സീനിയോരിറ്റി അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. അതിനാൽ ഒഴിവ് നിലവിൽ വന്ന 29.01.2022 തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി അനുവദിക്കണമെന്ന ശ്രീ.അൻസാർ പി.എ. യുടെ ആവശ്യവും പരിഗണനാർഹമല്ല.

മേൽ സാഹചര്യത്തിൽ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. അൻസർ പി.എ. യുടെ സ്ഥാനം 5 ആയി നിശ്ചയിച്ചിട്ടുള്ളത് ക്രമപ്രകാരമായതിനാൽ ആയതിൽ ഭേദഗതി വരുത്തേണ്ടതില്ല.

തന്റെ ജനന തീയതി 03.05.1979 ആണെന്നും ആയത് 03.07.1979 എന്ന് തെറ്റായാണ് താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് ആയത് തിരുത്തി നൽകണമെന്നുള്ള ശ്രീ. അൻസാർ പി.എ.യുടെ ആവശ്യം അനുബന്ധ രേഖകൾ പരിശോധിച്ചതിൽ അംഗീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു. ആയത് പ്രകാരമുള്ള മാറ്റം സീനിയോരിറ്റി ലിസ്റ്റിൽ വരുത്തിയിട്ടുണ്ട്.

File No. DIC/2750/2023-EE1

**ഉത്തരവ്**

പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 31.12.2022 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ്/ഫോർമാൻ തസ്തികകളിലെ സംസ്ഥാനതല താല്ക്കാലിക സംയോജിത മുൻഗണനാപട്ടിക മേൽപ്രകാരം അന്തിമമാക്കി പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു.

കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ്/ഫോർമാൻ തസ്തികകളിലെ സംസ്ഥാനതല അന്തിമ സംയോജിത മുൻഗണനാപട്ടിക വ്യവസായ വാണിജ്യ വകുപ്പിന്റെ **industry.kerala.gov.in** എന്ന വെബ് സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാണ്. എല്ലാ ഓഫീസ് മേലധികാരികളും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പെടുത്ത് ബന്ധപ്പെട്ട ഓഫീസുകളിൽ പരസ്യപ്പെടുത്തി ജീവനക്കാർക്ക് (അവധി/അന്യത്ര സേവനത്തിൽ ഉള്ള ജീവനക്കാർ ഉൾപ്പെടെ) പരിശോധിക്കാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം / കൈപ്പറ്റ് രസീത് 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
**എസ്. ഹരികിഷോർ ഐ.എ.എസ്.**
**വ്യവസായ വാണിജ്യ ഡയറക്ടർ**

സ്വീകർത്താവ് :-

1. ഡെപ്യൂട്ടി ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ചങ്ങനാശ്ശേരി.
2. അസിസ്റ്റന്റ് ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, മഞ്ചേരി
3. ഡെപ്യൂട്ടി ഡയറക്ടർ, ഐ.ടി. വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ഇ.ഡി. സെക്ഷൻ
5. അധിക/സൂക്ഷിപ്പ് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സ്പെഷ്യൽ ഓഫീസർ**

File No.DIC/2750/2023-EE1

**FINAL COMBINED SENIORITY LIST OF TECHNICHAL ASSISTANT/FOREMAN WORKING IN COMMON FACILITY SERVICE CENTRES AS ON 31.12.2022**

| Sl. No | Seniority No. | Name | Date of birth | Qualification | No & Date of Advice/G.O | No & Date of Appoinment Order | Promotion order No | Date of Joining | Date of Seniority assigned | Remarks |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 1/21 | Jayafar T. | 01.05.1981 | B.Sc (Physics), B.Ed, M.Sc(Physics), A/C(L) | R1C(2)2037/21/GW dated: 09.04.2021 | DIC/17342/2018-ED4 dated: 29.06.2021 | NA | 09.07.2021 | 09.04.2021 | Technical Assistant (Physical Testing) |
| 2 | 1/22 | Manjula R.S. | 31.01.1981 | B.Sc (Chemistry), M.Sc(Chemistry), B.Ed, M.Ed, DCA, A/C(L&H) | R1C(2)3833/2022/GW dated: 25.07.2022 | DIC/1556/2022-ED4 dated: 08.08.2022 | NA | 17.08.2022 | 25.07.2022 | Technical Assistant (Chemical Testing) |
| 3 | 2/22 | Biju P.B. | 02.05.1977 | Diploma in Computer Engg,, B.Com (Accounting & Co-Operation), A/C(H) | NA | NA | DIC/459/2022-ED4 dated: 30.08.2022 | 31.08.2022 | 31.08.2022 | Foreman (Rubber) |
| 4 | 3/22 | Vinod. B | 30.05.1979 | PDC, Engg.Diploma, MOP, A/C(L),JDC | NA | NA | DIC/457/2022-ED4 dated: 30.08.2022 | 31.08.2022 | 31.08.2022 | Foreman (Tool Room) |
| 5 | 4/22 | Ansar P.A. | 03.05.1979 | Diploma in Polymer Technology, BA, JDC, A/C(H) | NA | NA | DIC/460/2022-ED4 dated: 30.08.2022 | 01.09.2022 | 01.09.2022 | Foreman (Plastic) |

Sd/-

**Director of Industries and Commerce**

**Approved for Issue**

**Special Officer**